പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 241** 14-09-2007-**ൽ മറുപടിക്ക്**

**സ്വയംഭരണാധികാരമുള്ള കോളേജുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്ത് എത്ര കോളേജുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്ത് 39 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, 150 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ്, 3 സർക്കാർ സംഗീത കോളേജ്, 4 സർക്കാർ ട്രെയിനിംഗ് കോളേജ്, 17 എയ്ഡഡ് ട്രെയിനിംഗ് കോളേജ്, 1 സർക്കാർ കായികവിദ്യാഭ്യാസ കോളേജ്, 11 എയ്ഡഡ് അറബിക് കോളേജ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇവയിൽ ഏതിനെല്ലാം സ്വയംഭരണാധികാരം നൽകിയിട്ടുണ്ട്; | ബി) മേൽസൂചിപ്പിച്ച കോളേജുകളിൽ ഒന്നിനും ഇതുവരെ സ്വയംഭരണാധികാരം നൽകിയിട്ടില്ല. |
| സി) സ്വയംഭരണാധികാരം ലഭിക്കുന്ന കോളേജുകൾക്ക് യു.ജി.സി.യിൽനിന്നും കേന്ദ്രഗവൺമെന്റിൽനിന്നും എന്തെല്ലാം സഹായം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | സി) സ്വയംഭരണാധികാരം ലഭിക്കുന്ന കോളേജുകൾക്ക് യു.ജി.സി.യിൽനിന്നും കേന്ദ്രഗവൺമെന്റിൽനിന്നും താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ധനസഹായം ലഭിക്കാവുന്നതാണ്.<br>1. ഗസ്റ്റ്/വിസിറ്റിംഗ് അദ്ധ്യയനം നടത്തുന്നതിന്<br>2. അദ്ധ്യാപക പരിശീലനത്തിനും പുനർ പരിശീലനത്തിനും<br>3.കോഴ്സുകളുടെ പുനരാവിഷ്കരണവും അദ്ധ്യാപനത്തിനും പഠനത്തിനും വേണ്ടതായ സാമഗ്രികളുടെ വികസനവും |

| | |
|---|---|
| | 4. വർക്ക്ഷോപ്പുകളും/സെമിനാറുകളും നടത്തുന്നതിന്<br>5.പരീക്ഷാ പരിഷ്കരണം<br>6. ഓഫീസ് ഉപകരണങ്ങൾ അദ്ധ്യാപന സഹായ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്<br>7. ഓഫീസിലും ക്ലാസ് മുറികളിലും പരീക്ഷണശാലകളിലും ലൈബ്രറികളിലും ഫർണിച്ചർ വാങ്ങുന്നതിന്<br>8. ലൈബ്രറി ഉപകരണങ്ങൾ, ബുക്ക്/ജേർണലുകൾ എന്നിവ വാങ്ങുന്നതിന്<br>9. ഗവേണിംഗ് ബോഡിയുടെയും കമ്മിറ്റിയുടെയും യോഗ ചെലവ്<br>10. കൺട്രോളർ ഓഫ് എക്സാമിനേഷന്റെ ഓണറേറിയത്തിന് (പ്രതിമാസം 5000 രൂപ വരെ)<br>11. നാക് അക്രഡിറ്റേഷൻ ഫീസ്. |
| ഡി) ഈ സഹായം ലഭിക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നിട്ടും, സംസ്ഥാനത്ത് നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണം അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

6-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 242

14.9.2007 - ൽ മറുപടിക്ക്

സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു . എം . പാലിശ്ശേരി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. എം. ഹംസ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുമോ ; | (എ) ഉണ്ട്. സഹകരണ നവരത്നം കേരളം പദ്ധതിപ്രകാരം സഹകരണ വിദ്യാഭ്യാസം കേരളീയം പരിപാടിയിൽ സഹകാരികൾ മുൻകൈയെടുത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രൊഫഷണൽ കോളേജുകൾ തുടങ്ങണമെന്നാണ് ഗവൺമെന്റിന്റെ നയം. ആയതിന് സംസ്ഥാനത്താകെ [illegible] ആരംഭിക്കാൻ അനുവദിച്ചിട്ടുണ്ട്.തിരുവനന്തപുരത്തും, കൊല്ലത്തും , കണ്ണൂരും, എറണാകുളത്തും, മലപ്പുറത്തും, ആലപ്പുഴയിലും, പത്തനംതിട്ടയിലും , കാസർകോടും ആയതിന് തുടക്കമിട്ടിട്ടുണ്ട്. ആലപ്പുഴയിൽ കേപ്പിന്റെ ആഭിമുഖ്യത്തിൽ എൻജിനീയറിംഗ് കോളേജ്, ഫിനിഷിംഗ് സ്കൂൾ എന്നിവ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നെയ്യാർഡാമിൽ സംസ്ഥാന സഹകരണ യൂണിയൻ ആരംഭിക്കുന്ന കോളേജിൽ ഏതെല്ലാം കോഴ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ; | (ബി) കേരള സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നെയ്യാർഡാമിനടുത്ത് നെട്ടുകാൽത്തേരിയിൽ ആരംഭിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ- ഓപ്പറേറ്റീവ് മാനേജ്മെന്റ് |

GOVERNMENT OF KERALA

(കിക്മ) എന്ന സ്ഥാപനത്തിൽ എം.ബി.എ., എം.സി.എ. കോഴ്സുകൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുവെന്ന് വ്യക്തമാക്കുമോ ?

(സി) ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, എറണാകുളം, മലപ്പുറം,കണ്ണൂർ, കാസറഗോഡ് , തിരുവനന്തപുരം എന്നീ ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൽ നഴ്സിംഗ്, ഫാർമസി, ഡെന്റൽ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

[illegible]

650574

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 243

14/9/2007-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീമതി.ജെ.അരുന്ധതി : | ശ്രീ.കെ.പി.രാജേന്ദ്രൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) നടപടി സ്വീകരിച്ചു വരുന്നു. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റവന്യൂ വില്ലേജ് റിക്കാർഡുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. |
| (ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര വില്ലേജ് ഓഫീസുകൾക്ക് ഈ വർഷം പുതിയ കെട്ടിടം നിർമ്മിച്ചു നൽകും; | (ബി) വില്ലേജ് ഓഫീസുകൾക്ക് സ്ഥലസൗകര്യം, ഫണ്ടിന്റെ ലഭ്യത എന്നിവയനുസരിച്ചു മാത്രമേ പുതിയ വില്ലേജ് ഓഫീസുകൾ നിർമ്മിക്കാനാവുകയുള്ളൂ. |
| (സി) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (സി) വില്ലേജുകളിലെ ബി.റ്റി.ആർ.രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി ജോലികൾ അവസാന ഘട്ടത്തിലാണ്. അതോടൊപ്പം തണ്ടപ്പേർ രജിസ്റ്ററുകളുടെയും ഡാറ്റാ എൻട്രി ജോലികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) ജനങ്ങൾക്ക് എളുപ്പത്തിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുമോ? | (ഡി) ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. കമ്പ്യൂട്ടർവൽക്കരണം എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 244</u>

<u>14.9.2007 - ൽ മറുപടിയ്ക്ക്</u>

<u>പലിശ നിരക്കുകളുടെ ഏകീകരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ. കെ. രാജു :<br>ശ്രീ. രാജാജി മാത്യു തോമസ് : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) വാണിജ്യ ബാങ്കുകളിലെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലെയും നിക്ഷേപകർക്ക് നൽകുന്ന പലിശ നിരക്കും സഹകരണ മേഖലയിലെ നിക്ഷേപകർക്ക് നൽകുന്ന പലിശ നിരക്കും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിലിപ്പോഴത്തെ വ്യത്യാസം എത്രയെന്നും വ്യക്തമാക്കാമോ; | (എ) വ്യത്യാസമുണ്ട്. സഹകരണ മേഖലയിൽ 17-7-07-ൽ ആണ് ഏറ്റവും ഒടുവിലായി നിക്ഷേപ പലിശ പരിഷ്കരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. അതിനു ശേഷം വാണിജ്യ ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും പല തവണ പലിശ നിരക്കിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള വ്യത്യാസം അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>നിക്ഷേപകർക്ക് സഹകരണ മേഖലയിലെ നിരക്കിനേക്കാളും വർദ്ധിച്ച നിരക്ക് നൽകുന്നത് ചുരുക്കം ചില വാണിജ്യ ബാങ്കുകൾ മാത്രമാണ്; അവ പ്രചാരത്തിലുള്ളവയല്ല. |
| (ബി) ഈ വ്യത്യാസം ഇല്ലാതാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളെടുത്തു വരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പ് മന്ത്രി ചെയർമാനായി ഒരു കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റി പല തവണ കൂടുകയും വാണിജ്യ ബാങ്കുകളുടെ നിലവിലുള്ള നിരക്കുകൾ അവലോകനം ചെയ്യുകയും ആവശ്യാനുസരണം പലിശ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്യാറുണ്ട്. നിലവിലുള്ള വ്യത്യാസം കമ്മിറ്റി അവലോകനം ചെയ്ത് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| നിക്ഷേപ കാലാവധി | സഹകരണ മേഖലയിലെ പുതിയ നിരക്ക് | വാണിജ്യ ബാങ്ക്/ധനകാര്യ സ്ഥാപനങ്ങളിലെ പുതിയ നിരക്ക് | സഹകരണമേഖലയിൽ | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| 15 ദിവസം മുതൽ 45 ദിവസം വരെ | 5. 25 % | 6% | | 0.75 % |
| 46 ദിവസം മുതൽ 90 ദിവസം | 6. 25 % | 6.50% | | 0.25% |
| 91 ദിവസം മുതൽ 170 ദിവസം | 6.50 % | 7.00% | | 0.50% |
| 400 പൂർണ്ണ ദിവസം | 9.90 % | 10 % | | 0.10 % |
| 500 പൂർണ്ണ ദിവസം | 10 % | 10 % | | |
| 600 പൂർണ്ണ ദിവസം | 10.10 % | 10% | 0.10% | |
| 180 ദിവസം മുതൽ 364 ദിവസം വരെ | 8.50 % | 8.50 % | | |
| 1 വർഷം മുതൽ 3 വർഷം വരെ | 9.50 % | 10 % | | 0.50% |
| 3 വർഷം മുതൽ 5 വർഷം വരെ | 9.25 % | 10.25 % | | 1.00% |
| 5 വർഷത്തിനു മുകളിൽ | 9.25 % | 11.21 % | | 1.96% |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 245</u> | <u>14-09-2007 ൽ മറുപടിയ്ക്ക്</u>

## <u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>

| | |
|---|---|
| ചോദ്യം:<br>ശ്രീ. എം.കെ.പുരുഷോത്തമൻ :<br>ശ്രീ.സാജു പോൾ :<br>ശ്രീ.എം.ജെ.ജേക്കബ് :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.സി.എം.ദിനേശ്മണി : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ). കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) . കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് സംസ്ഥാന സർക്കാർ തത്വാധിഷ്ഠിത അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അത് ഇതുവരെ ലഭിച്ചിട്ടില്ല. പദ്ധതി പ്രാരംഭ ദശയിലാണ്. |
| (ബി). പദ്ധതിയ്ക്കായി ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; | (ബി). 97, 49,388/- രൂപ. |
| (സി). കൊച്ചി മെട്രോ റെയിൽ നിർമ്മിക്കാൻ ഏതു കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (സി). കൊച്ചി മെട്രോ റെയിൽ പദ്ധതി പ്രാരംഭ ദശയിലാണ് കൺസൾട്ടന്റായ ഡെൽഹി മെട്രോ റയിൽ കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 246 — 14.09.2007-ൽ മറുപടിയ്ക്ക്

## പ്ലസ് ടു കോഴ്സ് പ്രവേശനത്തിന് ഏകജാലക സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബാബു പ്രസാദ്<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. എം.എ. ബേബി,<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
| എ) ഈ വർഷം പ്ലസ് ടു കോഴ്സിനുള്ള പ്രവേശനം നടത്തിയത് ഏകജാലക വ്യവസ്ഥ പ്രകാരമായിരുന്നോ; | എ) ഈ വർഷം പ്ലസ് ടു കോഴ്സിന്റെ ഒന്നാം വർഷത്തേക്ക് തിരുവനന്തപുരം ജില്ലയിൽ മാത്രം ഏകജാലക വ്യവസ്ഥ പ്രകാരമായിരുന്നു പ്രവേശനം നൽകിയത്. മറ്റ് 13 ജില്ലകളിൽ മുൻവർഷങ്ങളിലേതു പോലെതന്നെയാണ് പ്രവേശനം നടത്തിയത്. |
| ബി) ഈ വ്യവസ്ഥയനുസരിച്ച് പ്രവേശനം നടത്തുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ്; | ബി) ഈ വ്യവസ്ഥയനുസരിച്ചു പ്രവേശനം നടത്തുന്നതിനുള്ള അധികാരം ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിക്ഷിപ്തമാണ്. |
| സി) ന്യൂനപക്ഷങ്ങൾ സ്ഥാപിച്ചു നടത്തുന്ന സ്കൂളുകളിൽ പ്ലസ് ടു കോഴ്സിനുള്ള പ്രവേശനം നടത്തിയതും ഏകജാലക വ്യവസ്ഥ പ്രകാരമായിരുന്നോ; | സി) തിരുവനന്തപുരം ജില്ലയിലെ ന്യൂനപക്ഷ പിന്നാക്ക സമുദായങ്ങൾ നടത്തുന്ന സ്കൂളുകളിൽ 20 ശതമാനം കമ്മ്യൂണിറ്റി ക്വാട്ടയിലും 20 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലും പ്ലസ് വണിന് പ്രവേശനം നൽകാൻ അതത് മാനേജ്മെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 60% സീറ്റുകളിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ച് ഏകജാലക സംവിധാന പ്രകാരമാണ് പ്രവേശനം നടത്തിയിട്ടുള്ളത്. |

ഡി) എങ്കിൽ ഏതെങ്കിലും മാനേജ്മെന്റ് ഇതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയുണ്ടായോ; ഏകജാലക പ്രവേശനം എന്നാണ് പൂർത്തിയായത് എന്ന് വ്യക്തമാക്കാമോ ?

ഡി) ഏകജാലക സംവിധാനത്തിനെതിരെ ഒരു മാനേജ്മെന്റും കോടതിയെ സമീപിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്ന ഒഴിവുള്ള സീറ്റിലേക്ക് ആദ്യം സമർപ്പിച്ച അപേക്ഷകരിൽ വേണ്ടത്രയില്ലാത്തതിനാൽ വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ കൂടി പരിഗണിച്ച് സെപ്തംബർ 15-ാം തീയതി അഡ്മിഷൻ പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *247

14.09.2007-ൽ മറുപടിയ്ക്ക്

## "മലബാർ ദേവസ്വം ബോർഡ്"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീമതി.കെ.കെ.ലതിക: | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണു്; | (എ) ഉണ്ടു്. ഇതിനുള്ള കരടു് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ നടന്നു വരുന്നു. |
| (ബി) മലബാറിലെ ക്ഷേത്രങ്ങളുടെ ഭരണം ഏതു നിയമമനുസരിച്ചാണു് നടത്തുന്നതു്; | (ബി) മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് ആക്റ്റ് 1951. |
| (സി) ക്ഷേത്ര ഭരണം സുഗമമാക്കുന്നതും ക്ഷേത്രങ്ങളിൽ പണിയെടുക്കുന്നവരുടെ ക്ഷേമവും പരിഗണിച്ച് ഇതു സംബന്ധിച്ച നിയമ നിർമ്മാണം നടത്തുന്നതിനു് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചു കഴിഞ്ഞു. നിയമ വകുപ്പ് കരടു് ബിൽ അംഗീകരിച്ചു നൽകിയാൽ ഉടൻ തന്നെ കാബിനറ്റിന്റെ അംഗീകാരത്തിനു് സമർപ്പിക്കുന്നതാണു്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 248 14..9..07 ൽ മറുപടിക്ക്.

## കേരള സർവ്വകലാശാലയിലെ സ്വാശ്രയ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ് :<br>ശ്രീ. കെ.എം. മാണി<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക<br>കാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന എത്ര സ്വാശ്രയ കോഴ്സുകളുണ്ട് ; | (എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയ കോഴ്സുകൾ ബി.എഡ്, യു.ഐ.ടി വഴിയുള്ള കോഴ്സുകൾ, യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ നടത്തുന്ന ബി.ടെക് കോഴ്സ് എന്നിവയാണ്. |
| (ബി) അവയുടെ ഫീസ് ഘടന എങ്ങനെയാണ് ; | (ബി) |

| കോഴ്സ് | കാലയളവ് | ഫീസ് |
|---|---|---|
| ബി.എഡ് | ഒരു വർഷം (2 സെമസ്റ്റർ) | Rs.21075 (സ്പെഷ്യൽ ഫീസ് ഉൾപ്പെടെ) |
| ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് | 6 സെമസ്റ്റർ | ഒരു സെമസ്റ്ററിന് 9000 രൂ. വീതം |
| ബി.എസ്.സി ഇലക്ട്രോണിക്സ് | 6 സെമസ്റ്റർ | ഒരു സെമസ്റ്ററിന് 9000 രൂ. വീതം |
| ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 6 സെമസ്റ്റർ | ഒരു സെമസ്റ്ററിന് 6500 രൂ. വീതം |
| ബി.ബി.എ. | 6 സെമസ്റ്റർ | ഒരു സെമസ്റ്ററിന് 6500 രൂ. വീതം |
| എം.എസ്.സി കമ്പ്യൂട്ടർ സയൻസ് | 4 സെമസ്റ്റർ | ഒരു സെമസ്റ്ററിന് 15,000 രൂ. വീതം |
| എം.എസ്.ഡബ്ല്യു. (ഈവനിംഗ് കോഴ്സ്) | 3 വർഷം | 13000 വാർഷിക ഫീസ് |
| ബി.ടെക് | 8 സെമസ്റ്റർ | മെരിറ്റ് സീറ്റ് ഒരുവർഷത്തേക്ക് 6200 രൂപ മാനേജ്മെന്റ് ക്വാട്ടാ ഒരുവർഷത്തേക്ക് 38700 രൂപ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോഴ്സുകൾക്ക് സർക്കാർ കോളേജുകളിൽ നിലവിൽ ഈടാക്കുന്ന ഫീസ് ഘടന വ്യക്തമാക്കുമോ ? | (സി) | 07-06-2003-ലെ ജി. ഒ. (എം. എസ്.)66/03/ഉ.വി.വ. 18-08-2003-ലെ ജി. ഒ. (എം. എസ്.)123/03/ഉ.വി.വ. നമ്പർ ഉത്തരവുകൾ പ്രകാരം ബി. എഡ്. കോഴ്സിന് 1200 രൂപയും ബി. എസ്.സി. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് എന്നിവയ്ക്ക് 2200 രൂപ വീതവും അവ ഒഴികെയുള്ള ഡിഗ്രി കോഴ്സുകൾക്ക് 660 രൂപ വീതവും ബി. ടെക്കിന് 4000 രൂപയും പി. ജി. കോഴ്സുകൾക്ക് 1100 രൂപയും വീതമാണ് വാർഷിക ട്യൂഷൻ ഫീസായി ഈടാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 249 | 14-09-2007 ൽ മറുപടിയ്ക്ക്.

## എറണാകുളം - തിരുവനന്തപുരം റൂട്ടിൽ സബർബൻ ട്രെയിൻ

ചോദ്യം:
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ.എം.കെ.പുരുഷോത്തമൻ :
ശ്രീ.സി.എം.ദിനേശ്മണി :
ശ്രീ.ആർ.സെൽവരാജ് :
ശ്രീ.വി.ശിവൻകുട്ടി :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). എറണാകുളം - തിരുവനന്തപുരം റൂട്ടിൽ സബർബൻ ട്രെയിൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി). സബർബൻ ട്രെയിൻ സർവ്വീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എ) . യും (ബി) യും.

കേരളത്തിലെ നഗരങ്ങളിൽ സബർബൻ തീവണ്ടികൾ ഓടിക്കണം എന്ന ആവശ്യം കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. കൊല്ലത്ത് എം.ഇ.എം.യു ഇൻസ്പെക്ഷൻ/സ്റ്റേബ്ളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2007-2008-ലെ കേന്ദ്ര റെയിൽ ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ പ്രാരംഭനടപടികൾ റെയിൽവെ അധികൃതർ ആരംഭിച്ചു കഴിഞ്ഞു.

(സി). കൂടുതൽ റൂട്ടുകളിൽ സബർബൻ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി സാധ്യതാ പഠനം നടക്കുന്നുണ്ടോ ?

(സി). കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ നിന്നും സബർബൻ സർവീസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്താൻ ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 250 — 14/9/2007 ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.ജോർജ്ജ് എം.തോമസ്സ്:<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ അക്കാദമിക വർഷം കാര്യക്ഷമതാവർഷമായി കണക്കാക്കി താഴെ പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്:<br>1) വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ<br>2) അക്കാദമിക പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കൽ<br>3) ചൈൽഡ് സെൻസസ് പരിപാടി നടപ്പിലാക്കൽ<br>4) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനപ്പെടുത്തി പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറിവരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം<br>5) പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരണം.<br>6) നൂറ് പഞ്ചായത്തുകളിൽ അക്കാദമിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ (നൂറ്റുക്ക് നൂറ്)<br>7) അദ്ധ്യാപക ശാക്തീകരണത്തിനുവേ |

⇨

| | |
|---|---|
| | ണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ<br>8) അക്കാദമിക മോണിറ്ററിംങ് സംവിധാനം വിപുലപ്പെടുത്തൽ<br>9) വിദ്യാഭ്യാസ മാനേജ്മെൻറ് പരിശീലനം<br>10) ഇരുന്നൂറ് സജീവസാദ്ധ്യായ ദിനങ്ങൾ ഉറപ്പാക്കൽ<br>11) ഹൈസ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പരിപാടി<br>12) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി<br>13) വിവിധ പ്രവർത്തന നിർവ്വഹണത്തിനുള്ള ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തൽ<br>14) പുതിയതായി സർവ്വീസിൽ വരുന്ന അദ്ധ്യാപകർക്കുള്ള സമഗ്രമായ ഓറിയൻേറഷൻ കോഴ്സ്<br>15) എൻെറ മരം പദ്ധതി<br>16) ലാബ്, ലൈബ്രറി നവീകരണം<br>17) 104 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിപാടി<br>18) ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, ശാസ്ത്രം എന്നിവയുടെ പഠനം ലളിതമാക്കൽ |
| (ബി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (ബി) വിദ്യാഭ്യാസത്തിന് പിന്നോക്കം നിന്നിരുന്ന 104 വിദ്യാലയങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് "ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കി. തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ 2007 മാർച്ചിലെ എസ്.എസ്.എൽ.സിയുടെ റിസൾട്ട് വിശകലനം നടത്തുകയും എല്ലാ വിഷയങ്ങൾക്കും സംസ്ഥാന കോർ ടീമും ജില്ലാ റിസോഴ്സ് ടീമും ചേർന്ന് പ്രത്യേക പഠന സാമഗ്രികൾ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 104 സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ |

⇨

| | |
|---|---|
| | സംസ്ഥാനതല ദ്വിദിന വർക്ക്ഷോപ്പ് നടത്തുകയും ഈ വിദ്യാലയങ്ങളിൽ പുതിയതായി വന്ന അദ്ധ്യാപകർക്ക് രണ്ട് ദിവസത്തെ ശില്പശാല നടത്തുകയും ചെയ്തു കൂടാതെ കുട്ടികൾക്ക് പഠനം ലളിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. തുടർന്ന് പി.റ്റി.എ പ്രസിഡന്റുമാരുടേയും ജനപ്രതിനിധികളുടേയും എയ്ഡഡ് സ്കൂൾ മാനേജർമാരുടേയും യോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) വിദ്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) ഒഴിവുള്ള തസ്തികകൾ പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നിയമനത്തിന് കാലതാമസം വരുകയാണെങ്കിൽ അദ്ധ്യാപകരെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കാൻ ഉത്തരവു നൽകിയിട്ടുണ്ട്. |
| (ഡി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വികസന ഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

6ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 251</u>

<u>14.9.2007 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ നിയമം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. അനിരുദ്ധൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) നിലവിലുള്ള സഹകരണ നിയമം ആ രംഗത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ കടമകൾ നിർവഹിക്കുവാൻ പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) ചിലകാര്യങ്ങളിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്, 1969-ലെ സഹകരണനിയമം നിലവിൽവരുന്നതിന് മുമ്പ് മലബാർ ഭാഗത്ത് 1932-ലെ മദ്രാസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ചും തിരുവിതാംകൂർ കൊച്ചി ഭാഗത്ത് 1951-ലെ ട്രാവൻകൂർ കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ചും ആയിരുന്നു ടി പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നത്. സംസ്ഥാനത്തൊട്ടാകെ ബാധകമായിരുന്ന പൊതുവായ ഒരു നിയമം സഹകരണ സംഘങ്ങൾക്കായി വേണ്ട മെന്ന ആവശ്യത്തിന്റെ വെളിച്ചത്തിലാണ് 1969-ൽ 21-ാം ആക്ട് ആയി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിലവിൽ വന്നത്. നിലവിലുള്ള സഹകരണ നിയമം ആ രംഗത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ കടമകൾ നിർവഹിക്കുവാൻ ഒട്ടും പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എങ്കിലും കാലാനുസൃതമായ ഭേദഗതികൾ 1971,1973, 1986, 1987, 1992, 1993, 1995,1997,1999,2000,2002,2004 എന്നീ വർഷങ്ങളിൽ സഹകരണ നിയമ ത്തിൽ വരുത്തിയിട്ടുണ്ട്. |

സഹകരണ നിയമം കാലാനുസൃതമായി പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്നതിന് ശുപാർശകൾ സമർപ്പിക്കാൻ സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് സഹകരണ മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. ശുപാർശകൾ പരിശോധിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള നിയമത്തിന്റെ പല വകുപ്പുകളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) | ഉണ്ട്. 1999-ലെ ഭേദഗതി നിയമം മുഖേന (2000-ലെ 1-ാം ആക്ട്) കേരള സഹകരണ നിയമം 63, 64, 65, 66 ബി, 67, 68, 68എ, എന്നീ വകുപ്പുകൾക്ക് വരുത്തിയ ഭേദഗതികൾക്ക് പ്രാബല്യം നൽകിയിരുന്നില്ലെങ്കിലും ടി വകുപ്പുകൾക്ക് 5-6-2007 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 16-6-2007-ന് ജി. ഒ. (പി) നമ്പർ 158/2007 സഹ.നമ്പർ (എസ്. ആർ. ഒ നമ്പർ 526/07) പ്രകാരം. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 252** — **14-09-2007-ൽ മറുപടിക്ക്**

**ക്ലസ്റ്റർ ഓഫ് കോളേജസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.ബാബു പോൾ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്തെ വിവിധമേഖലകളിലെ കോളേജുകളെ സംയോജിപ്പിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച് അവയ്ക്ക് സ്വയംഭരണാധികാരം നൽകാനുദ്ദേശിക്കുന്നുണ്ടോ; | എ) 2007-08 ലെ ബഡ്ജറ്റിൽ എറണാകുളം മഹാരാജാസ് കോളേജ് കേന്ദ്രമാക്കി പരീക്ഷണാടിസ്ഥാനത്തിൽ എജ്യൂക്കേഷണൽ ക്ലസ്റ്റർ സമ്പ്രദായം ആരംഭിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്കീം തയ്യാറാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുൻ കൊച്ചി സർവകലാശാല വൈസ് ചാൻസലർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ സമ്പ്രദായം സംസ്ഥാനത്തെ വിവിധ മേഖലകളിൽ നടപ്പാക്കുന്നതും ക്ലസ്റ്ററിന് സ്വയം ഭരണാധികാരം നൽകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ചർച്ചചെയ്ത് സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പരിഗണനയിലാണ്. |
| ബി) ഇത്തരത്തിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യമെന്താണെന്ന് വെളിപ്പെടുത്തുമോ; | ബി) വിവിധ കോളേജുകളുടെ ക്ലസ്റ്റർ സ്ഥാപിക്കുന്നതിലൂടെ അതിൽ ഉൾപ്പെടുന്ന കോളേജുകൾക്ക് യോജിച്ചുള്ള റിസർച്ച് പ്രവർത്തനങ്ങൾ നടത്തുക, ലാബ്/ലൈബ്രറി/സ്പോർട്സ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക, ഹോസ്റ്റലുകൾ ഉപയോഗപ്പെടുത്തുക, അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നിവയിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുക എന്നതാണ് ലക്ഷ്യം. |
| സി) 'ക്ലസ്റ്റർ ഓഫ് കോളേജസ്' എന്ന ആശയം യു.ജി.സി. മുന്നോട്ട് വച്ചിട്ടുണ്ടോ? | സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *253

14.09.2007-ൽ മറുപടിയ്ക്ക്

## ക്ഷേത്രങ്ങൾക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.ജി.കാർത്തികേയൻ: | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്തു് നിത്യ പൂജയ്ക്കു് വക യില്ലാത്ത എത്ര ക്ഷേത്രങ്ങളുണ്ടു്; | (എ) ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിനു കീഴിൽ 102 ഉം, കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിൽ 71 ഉം, കൂടൽ മാണിക്യം ദേവസ്വത്തിനു കീഴിൽ 8 ഉം ക്ഷേത്രങ്ങൾ നിത്യപൂജയ്ക്കു് വകയില്ലാത്ത ക്ഷേത്രങ്ങളാണു്. ഗുരുവായൂർ ദേവസ്വത്തിനു കീഴിൽ വരുന്ന ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളുമുണ്ടു്. ഇവയിൽ നിത്യപൂജയ്ക്കു് വകയില്ലാത്ത ഒരു ക്ഷേത്രവും ഇല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലും നിത്യപൂജയ്ക്കു് വകയില്ലാത്ത ഒരു ക്ഷേത്രവും ഇല്ല. നിത്യപൂജയ്ക്കു് വകയില്ലാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ കണക്കു് ലഭ്യമല്ല. ഒട്ടാകെ കാൽ ലക്ഷത്തിൽപ്പരം കേരള ഹൈന്ദവ ക്ഷേത്രങ്ങളിൽ 3200-ൽപ്പരം ക്ഷേത്രങ്ങളാണു് സർക്കാർ നിർമ്മിച്ച നിയമങ്ങളിൽ ബന്ധപ്പെട്ടിട്ടുള്ളതു്. ബാക്കി സ്വകാര്യ ക്ഷേത്രങ്ങളാണു്. |

(ബി) ഇടിഞ്ഞു് പൊളിഞ്ഞു് കിടക്കുന്ന എത്ര ക്ഷേത്രങ്ങളുണ്ടു്;

(ബി) ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിനു് കീഴിൽ 23 ഉം, കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിൽ 10 ഉം, കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിൽ 8 ഉം ക്ഷേത്രങ്ങൾ ഇടിഞ്ഞു് പൊളിഞ്ഞു് ശോചനീയ അവസ്ഥയിലാണു്. ഗുരുവായൂർ ദേവസ്വത്തിൻ കീഴിലും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലും ഇടിഞ്ഞു് പൊളിഞ്ഞു് കിടക്കുന്ന ക്ഷേത്രങ്ങൾ ഇല്ല.

(സി) നിത്യ പൂജയ്ക്കു് വകയില്ലാത്ത ക്ഷേത്രങ്ങൾക്കു് എന്തു സഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇടിഞ്ഞു് പൊളിഞ്ഞു് കിടക്കുന്ന ക്ഷേത്രങ്ങൾ പുനരുദ്ധരിച്ചു് പൂജയാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

(സി) & (ഡി) ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിനു് കീഴിലെ വരുമാനം കൂടിയ ക്ഷേത്രങ്ങളുടെ ഭാരവാഹികളെ വിളിച്ചുകൂട്ടി ക്ഷേത്ര ഫണ്ടിൽ നിന്നും മിച്ചം വരുന്ന തുക ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം (Diversion of Surplus Fund) നിത്യ പൂജയ്ക്കു് വകയില്ലാത്ത ക്ഷേത്രങ്ങളുടെ ആവശ്യത്തിനു കൂടി ഉപയോഗിക്കുന്നതിനു് കഴിയുമോ എന്നു് പരിശോധിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാനും ആലോചിക്കുന്നുണ്ടു്. കൊച്ചിൻ ദേവസ്വം ബോർഡിലും കൂടുതൽ വരുമാനമുള്ള ക്ഷേത്രങ്ങളുടെ അധിക വരുമാനം ഇപ്രകാരം ഉപയോഗപ്പെടുത്തുന്നുണ്ടു്. കൂടൽമാണിക്യം ദേവസ്വത്തിൽ ദേവസ്വം ഫണ്ടിൽ നിന്നും നിത്യ പൂജയ്ക്കു് വകയില്ലാത്ത ക്ഷേത്രങ്ങളിലെ ശാന്തിക്കാർക്കും,. കഴകക്കാർക്കും പ്രതിമാസ വേതനം നൽകിവരുന്നുണ്ടു്. തിരുവിതാംകൂർ മേഖലയിലുള്ള നിത്യ പൂജയ്ക്കു് ബുദ്ധിമുട്ടുന്ന സ്വകാര്യ ക്ഷേത്രങ്ങൾക്കു് അവരുടെ അപേക്ഷ പരിഗണിച്ചു് പ്രതിമാസം 100/- രൂപ ക്രമത്തിൽ പൂജാ ഗ്രാന്റായി അനുവദിച്ചു വരുന്നുണ്ടു്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള നിരവധി ക്ഷേത്രങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി

വരുന്നുണ്ട്. എന്നാൽ വലിയൊരു സംഖ്യ ക്ഷേത്രങ്ങൾ ഇപ്പോഴും അവഗണിക്കപ്പെട്ടു കിടക്കുന്നതു് നന്നാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ ബോർഡുകൾ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലബാർ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് വർഷം തോറും 75 ലക്ഷം രൂപയും ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി ഒരു കോടി രൂപയും ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഗ്രാന്റായി വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 254 — 14/09/07 ൽ മറുപടിക്ക്

## എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ എണ്ണം കുറച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. കെ. സി. വേണുഗോപാൽ | ശ്രീ. എം.എ.ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടേയും മറ്റു സ്റ്റാഫിന്റേയും എണ്ണം കുറച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) എങ്കിൽ ഇതിനു സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; | (ബി)17/09/2004-ലെ ജി. ഒ (എം.എസ്) 119/04/ഉ.വി. വ. ഉത്തരവ് പ്രകാരം കോഴ്സുകളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയശേഷം അദ്ധ്യാപകരെ എയ്ഡഡ് കോളേജുകളിൽ നിയമിക്കുന്നതിന് ജി.ഒ. (എം. എസ്) 96/06/ ഉ. വി. വ. പ്രകാരം നിരോധനം ഏർപ്പെടുത്തിയിരുന്നു. നിരോധനം പിൻവലിക്കുന്നതിനും കോളേജുകളിൽ അദ്ധ്യാപനം നടത്താൻ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |



അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

(സി) ഓരോ കോളേജിലും ശരാശരി എത്ര അദ്ധ്യാപകരുടേയും മറ്റു സ്റ്റാഫിന്റെയും എണ്ണമാണ് കുറച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തൊട്ടാകെയുള്ള എയ്ഡഡ് കോളേജുകളിലെ ആകെ എത്ര അദ്ധ്യാപകരുടേയും മറ്റ് സ്റ്റാഫിന്റെയും എണ്ണമാണ് കുറച്ചത്;

(സി) & (ഡി)17/09/04-ലെ ജി.ഒ. (എം. എസ്) 119/ 04/ഉ.വി.വ ഉത്തരവ് പ്രകാരം കോഴ്സുകളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എയ്ഡഡ് കോളേജുകളിൽ ആവശ്യമായ അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചു അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇതു മൂലം സർക്കാരിന് എന്തെങ്കിലും സാമ്പത്തികലാഭമുണ്ടായിട്ടുണ്ടോ;

(ഇ) നിലവിലുള്ള അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടേയും എണ്ണത്തിൽ കുറവ് വരുത്താതെ അവരെ സൂപ്പർ ന്യൂമററി തസ്തികകളിൽ നിലനിർത്തിയിരിക്കുന്നതിനാൽ സർക്കാരിന് സാമ്പത്തിക ലാഭമൊന്നും ഉണ്ടായിട്ടില്ല. കൂടാതെ ചില വിഷയങ്ങളിൽ ഉള്ള അധിക അദ്ധ്യാപകരെ നിലനിർത്തികൊണ്ടുതന്നെ മറ്റു വിഷയങ്ങളിൽ ഉള്ള ഒഴിവുകൾ നികത്തുകവഴി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത കൂടുകയാണുണ്ടായിട്ടുള്ളത്.

(എഫ്) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടേയും മറ്റ് സ്റ്റാഫിന്റെയും എണ്ണം കുറയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് വേർപ്പെടുത്തിയതിനെ തുടർന്ന് വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായതിനാൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കേണ്ടി വന്നിട്ടുണ്ട്.

(ജി) എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടേയും, സ്റ്റാഫിൻെറയും എണ്ണം കുറച്ചതു പോലെ ഗവൺമെൻറ് കോളേജുകളിലേയും സ്വാശ്രയ കോളേജുകളിലേയും അദ്ധ്യാപകരുടേയും മറ്റ് സ്റ്റാഫിൻെറയും എണ്ണം കുറച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) പ്രീഡിഗ്രി വേർപ്പെടുത്തലിനെ തുടർന്ന് ഗവൺമെൻറ് കോളേജുകളിലും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്/ഡെപ്യൂട്ടി ഡയറക്ടറേറ്റ് എന്നിവിടങ്ങളിലുമായി 412 അനദ്ധ്യാപക തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. അദ്ധ്യാപക ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളുടെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം മാനേജ്മെൻറ് അവരുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നതിനാൽ സർക്കാർ ടി ജീവനക്കാരുടെ നിയമനകാര്യത്തിൽ നേരിട്ട് ഇടപ്പെടാറില്ല.

(എച്ച്) എണ്ണം കുറച്ചതിനുശേഷമുള്ള അദ്ധ്യാപകരെക്കൊണ്ട് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപനം കാര്യക്ഷമമായി നടത്താൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

(എച്ച്) എയ്ഡഡ് കോളേജുകളിൽ വർക്ക് ലോഡിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ എണ്ണം പുനർനിർണ്ണയം ചെയ്യുകൊണ്ടുള്ള നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപനം കാര്യക്ഷമമായി നടത്താൻ കഴിയുന്ന രീതിയിലാണ് സ്റ്റാഫിൻെറ എണ്ണം പുനർനിർണ്ണയം ചെയ്യുന്നത്.

പന്ത്രണ്ടാം കേരള നിയമസഭ

5ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 255</u>

<u>14.9.2007 - ൽ മറുപടിയ്ക്ക്</u>

## <u>ഇ. നാരായണൻ കമ്മിറ്റി റിപ്പോർട്ട്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. എൻ. വാസവൻ :<br>ശ്രീ.അൽഫോൻസ് കണ്ണന്താനം | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിൽ അഴിമതി ഇല്ലാതാക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) സഹകരണ രംഗത്തെ അഴിമതി തടയുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് ജോയിന്റ് രജിസ്ട്രാറും മൂന്ന് പേർ അടങ്ങിയ സ്ക്വാഡും ഉണ്ട്. കൂടാതെ താഴെ പറയും പ്രകാരം സംസ്ഥാനത്ത് 6 മേഖലകളായി തിരിച്ച് 6 വിജിലൻസ് ഡെപ്യൂട്ടി രജിസ്ട്രാർമാരും ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. |

| മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകൾ | മേഖലാ ആസ്ഥാനം |
|---|---|
| 1.തിരുവനന്തപുരം, കൊല്ലം | ഡെപ്യൂട്ടി രജിസ്ട്രാർ (വിജി) തിരുവനന്തപുരം |
| 2. പത്തനംതിട്ട, കോട്ടയം,ഇടുക്കി | ഡെപ്യൂട്ടി രജിസ്ട്രാർ(വിജി) കോട്ടയം |

| | |
|---|---|
| ആലപ്പുഴ, എറണാകുളം | ഡെപ്യൂട്ടി രജിസ്ട്രാർ(വിജി) എറണാകുളം |
| 4. പാലക്കാട്, തൃശ്ശൂർ | ഡെപ്യൂട്ടി രജിസ്ട്രാർ(വിജി) പാലക്കാട്. |
| 5. കോഴിക്കോട്, മലപ്പുറം, വയനാട് | ഡെപ്യൂട്ടി രജിസ്ട്രാർ(വിജി) കോഴിക്കോട്. |
| 6. കണ്ണൂർ, കാസറഗോഡ് | ഡെപ്യൂട്ടി രജിസ്ട്രാർ(വിജി) കണ്ണൂർ. |

ടി വിജിലൻസ് ഡെപ്യൂട്ടി രജിസ്ട്രാർമാർ സംഘങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും ജില്ലകളിൽ നിന്നും, സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും കിട്ടുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുകയും ടി റിപ്പോർട്ടിൻമേൽ രജിസ്ട്രാർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് സെല്ലുകളും രജിസ്ട്രാറിന്റെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നു.

സഹകരണ വകുപ്പിൽ നിലവിലുള്ള വിജിലൻസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ആളെ വിജിലൻസ് ഓഫീസർ ആയി നിയമിക്കുന്നതിന് 2000-ലെ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും അതിന് പ്രാബല്യം നൽകാതിരുന്നതിനാൽ ടി വ്യവസ്ഥ നിലവിൽ വരികയുണ്ടായില്ല. ടി വ്യവസ്ഥയ്ക്ക് 5-6-2007 മുതൽ

പ്രാമുഖ്യം നൽകിക്കൊണ്ട് 16-6-2007 ന് ജി.ഒ(പി) നം. 158/07 സഹകരണം നമ്പർ എസ്. ആർ. ഒ.526/07 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

"സഹകരണ അഴിമതി നിവാരണം-ലക്ഷ്യം" പദ്ധതിയിൻ കീഴിൽ അഴിമതി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ഡി.ഐ.ജി. റാങ്കിലുള്ള വിജിലൻസ് ഓഫീസറെയും അദ്ദേഹത്തെ സഹായിക്കാൻ സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് മൂന്ന് ഡി.വൈ.എസ്.പി, 3 സർക്കിൾ ഇൻസ്പെക്ടർമാർ, 15 പോലീസ് കോൺസ്റ്റബിൾ എന്നിവരടങ്ങിയ പോലീസ് ഉദ്യോഗസ്ഥന്മാരെ ഉൾ നിയമിക്കുന്നതിനും ഉള്ള ഫയൽ ധനകാര്യ വകുപ്പിലാണ് ഉള്ളത്. സഹകരണ നിയമത്തിൽ ക്രിമിനൽ ചട്ടങ്ങളുൾപ്പെടുത്തുന്നതിനെക്കുറി ച്ചുള്ളകാര്യവുംഅഴിമതി ക്കെതിരെ ശക്തമായ ക്യാമ്പയിൻ നടത്തി വരുന്നു. ക്രമക്കേടുകൾ കണ്ട 26 സംഘങ്ങളെ പിരിച്ചുവിട്ടു.

സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റിനെതിരെ കേസ് ചെയ്തു. 2000 കോടി രൂപ അഴിമതി വഴികളിൽ നഷ്ടപ്പെടുത്തിയതിൽ തിരിച്ചുപിടിക്കാനു ള്ള നടപടികൾ എടുത്തു വരുന്നു.

100-ലധികം കേസുകൾ വിജിലൻസിന് വിട്ടു. തൃശ്ശൂരിൽ മുഹമ്മദ് അസ്ലം എന്ന ആളെ വായ്പാ തട്ടിപ്പിന്റെ പേരിൽ അറസ്റ്റ് ചെയ്തു.

| | | |
|---|---|---|
| ) | കേരള സഹകരണ നിയമം ഭേദഗതി ചെയ്യുന്നതിന് നിയോഗിച്ച ഇ.നാരായണൻ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; (ബി) | ഇ. നാരായണൻ കമ്മിറ്റി റിപ്പോർട്ട് സഹകരണ മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. |
| ) | റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ? (സി) | ശുപാർശകൾ പരിശോധിച്ച് വരികയാണ്.. |
| ) | ശുപാർശകൾ സർക്കാർ പൂർണ്ണമായും അംഗീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? (ഡി) | ശുപാർശകൾ പരിശോധിച്ച് വരികയാണ്.. പരിശോധിച്ചടത്തോളം പൊതുവെ സ്വീകാര്യമായി കാണുന്നു |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 256 | 14.09.2007 ൽ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി. വിശ്വൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (എ) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധം 1- ൽ കൊടുത്തിരിക്കുന്നു. |
| (ബി) പീഡിത സംഘങ്ങൾക്ക് എത്ര രൂപ അനുവദിച്ചു; ഇതു മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; | (ബി) പീഡിത സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 2006-07 വർഷത്തിൽ 398 പ്രാഥമിക സംഘങ്ങൾക്കായി 16.577 കോടി രൂപയും 32 മാററ്സ് & മാററിംഗ്സ് സംഘങ്ങൾക്കായി 3.250 കോടി രൂപയും ചേർത്ത് ആകെ 19.827 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കയർ സംഘങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കയർ ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനായി പർച്ചേയ്സ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ G.O (MS) No. 116/07/ID തീയതി 31.08.07 പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ എടുത്തു വരുന്നു. ഇതിൻ പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരള കയർ കോർപ്പറേഷന്റെയും കയർഫെഡിന്റെയും ഡിപ്പോകൾ വഴി ന്യായ വിലയ്ക്ക് സംഭരിക്കുകയും ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ്. സ്വകാര്യ കയറ്റുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയറ്റുമതിക്കുള്ള കയറുല്പന്നങ്ങൾ ഈ സംഭരണ കേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളേ സംഭരിക്കുകയുള്ളൂ. കയർ ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പു വരുത്താനും ഈ പദ്ധതിക്കു കഴിയും. ടി സ്കീം പ്രവർത്തിപ്പിക്കുന്നതിനായി കയറ്റുമതി അസ്സോസിയേഷനുകൾ, ചെറുകിട ഉല്പാദകർ, ചെറുകിട ഉല്പാദക സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, പഞ്ചായത്ത് വികസന സൊസൈറ്റികൾ, കയർ ട്രേഡ് യൂണിയനുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി അഡീഷണൽ സെക്രട്ടറി (കയർ) ചെയർപേഴ്സനും, കയർ വികസന ഡയറക്ടർ കൺവീനറുമായി കയറിന്റെ മിനിമം സംഭരണ വില നിർണ്ണയിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>കയർ സഹകരണ സംഘങ്ങൾക്ക് |

| | |
|---|---|
| | സർക്കാർ നാളിതുവരെ നൽകിയിട്ടുള്ള വായ്പയും, അതിന്റെ പലിശയും ഷെയറാക്കി മാററുന്നതിനും, NCDC വായ്പകൾ ഷെയറാക്കി മാററുന്നതിനും അതിന്റെ പലിശ ഇളവു ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം – I

**കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ**

- ❖ കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി-യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു.
- ❖ കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി one time settlement നടത്തുന്നതിനുള്ള നടപടി എടുത്തു വരുന്നുണ്ട്.
- ❖ കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.
- ❖ കയറിനും കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടനിലക്കാരുടേയും ഡിപ്പോകളുടേയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരേയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് Purchase Price Enforcement Scheme നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരളാ കയർ കോർപ്പറേഷൻ വഴിയും കയർഫെഡു വഴിയും ന്യായവിലയ്ക്ക് സംഭരിക്കുകയും ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യ കയറ്റുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയറ്റുമതിയ്ക്കുള്ള കയറുല്പന്നങ്ങൾ ഈ സംഭരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിക്കും. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ സംഭരിക്കുകയുള്ളൂ. ഇത് ഈ മേഖലയിലെ പ്രതിസന്ധിയ്ക്ക് ഒരു പരിധി വരെ പരിഹാരമാകും.
- ❖ കയർഫെഡ് പുന:സംഘടിപ്പിച്ച് ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കയർ ഫെഡുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് കൂടുതൽ ഉല്പാദനം നടത്തുന്നതിന് അതുവഴി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാധിക്കും
- ❖ ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നു.
- ❖ കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മഞ്ചാട്, വൈക്കം, ബേപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും.
- ❖ ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 257

14.9.2007-ൽ മറുപടിക്ക്

## പമ്പാ കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. സുരേന്ദ്രൻപിള്ള : <br> ശ്രീ.മോൻസ് ജോസഫ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ <br> (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പമ്പാ കർമ്മപദ്ധതിക്ക് എന്നാണ് രൂപം നൽകിയത് ; ഇതിന്റെ വിശദവിവരം നൽകുമോ; | (എ) പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2001 മാർച്ച് മാസത്തിൽ ദേശീയ നദീസംരക്ഷണ പദ്ധതിയുടെ മീറ്റിംഗിൽ പമ്പാ കർമ്മ പദ്ധതി തത്വത്തിൽ അംഗീകരിച്ചുവെങ്കിലും 2003 ലാണ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചത്. <br> സർക്കാർ ഉത്തരവ് നം: ജി.ഒ. (ആർ.ടി.) നം: 1409/2003/ജലവിഭ. തീയതി, 18.11.03 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക |
|---|---|
| 1. ശബരിമലയിൽ 3 MLD കപ്പാസിറ്റിയുള്ള മാലിന്യ സംസ്കരണ ശാല. | 240 ലക്ഷം രൂപ |
| 2. പമ്പയിൽ 1.5 MLD കപ്പാസിറ്റിയുള്ള മാലിന്യ സംസ്കരണ ശാല. | 120 ലക്ഷം രൂപ |
| 3. ശബരിമലയിലും പമ്പയിലും മാലിന്യ സംഭരണ ടാങ്കും പമ്പിംഗ് സിസ്റ്റം, സീവർ ലൈൻ എന്നിവയുടെ പണികൾ | 194.30 ലക്ഷം രൂപ |

4. പമ്പയിൽ 300 കക്കൂസുക-
ളുടെയും ശബരിമലയിൽ
400 കക്കൂസുകളുടെയും 230 ലക്ഷം രൂപ
100 ബാത്ത്റൂമുകളുടെയും
നിർമ്മാണം

5. ശബരിമലയിലും
പമ്പയിലും ഖരമാലിന്യ സംഭ 250 ലക്ഷം രൂപ
രണവും, നശിപ്പിക്കുവാനുള്ള
ക്രമീരണങ്ങളുടേയും പ്രവൃത്തി.

6. ശബരിമലയിലും
പമ്പയിലും നിലവിലുള്ള
പൊട്ടിപൊളിഞ്ഞ ഓടകൾ 126.95 ലക്ഷം രൂപ
തരംതിരിച്ച് മാറ്റി പുതിയ
ഓടകളുടെ നിർമ്മാണം

7. ശബരിമലയിലും
പമ്പയിലും മൊബൈൽ 140 ലക്ഷം രൂപ
ലാട്രിന്റെ നിർമ്മാണ പ്രവൃത്തി

8. പമ്പയിൽ കക്കിത്തോടിനും
ഉരുക്കുഴി തീർത്ഥത്തിനും ഇടയ്ക്ക് 25 ലക്ഷം രൂപ
സീവേജ് ബാരിയേഴ്സിന്റെ
നിർമ്മാണം

9. പമ്പ നദിയിലും കക്കി
നദിയുടെ ഉൽഭവസ്ഥാനത്തും
മാലിന്യങ്ങൾ ഒഴുക്കി കളയുന്നതിന്
വേണ്ടി തടയണയുടെ നിർമ്മാണവും 86.25
മറ്റ് അനുബന്ധ പ്രവൃത്തികളും ലക്ഷം രൂപ
കൂടാതെ മാലിന്യ ഉറവിടങ്ങളും
ജനറേറ്ററിന്റെ സ്റ്റോറേജ് ഷെഡും
വേലികെട്ടി തിരിക്കുന്ന പ്രവൃത്തി

10. ഞുണങ്ങാർ നദിയിൽ നിന്നുള്ള
മാലിന്യങ്ങൾ പമ്പാ നദിയിലെ
കുളിക്കടവിലൂടെ ആറാട്ട് കടവിൽ
പ്രവേശിക്കാതിരിക്കാൻ വേണ്ടി 18 ലക്ഷം രൂപ
തടയണയുടെ നിർമ്മാണം

11. പമ്പ നദിയുടെ ഇടതു ഭാഗത്തായി ഇപ്പോൾ നിലവിലുള്ള കുളിക്കടവുകളുടെ എതിർ ഭാഗത്തായി പുതിയ കുളിക്കട-വുകളുടെ നിർമ്മാണം — 35 ലക്ഷം രൂപ

12. പൊതുജന ബോധവൽക്കരണം — 20 ലക്ഷം രൂപ

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് :

(ബി) മേൽ വിവരിച്ച പദ്ധതികളിൽ 1 മുതൽ 7 വരെയുള്ളവ ട്രാവൻകൂർ ദേവസ്വം ബോർഡാണ് നടപ്പിലാക്കുന്നത്. ടി പണികളുടെ ടെണ്ടറിംഗ് ജോലികൾ പുരോഗമിച്ചു വരുന്നു. 8 മുതൽ 11 വരെയുള്ള പദ്ധതികൾ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്നു. 9 മുതൽ 11 വരെയുള്ള പ്രവർത്തികളുടെ 85 % പണികളും പൂർത്തിയായിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന 12 -ാമത്തെ പ്രവർത്തിയുടെ 78% പണികളും പൂർത്തിയായിട്ടുണ്ട്.

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും വനഭൂമി വിട്ടുകിട്ടേണ്ടതുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ .

(സി) ഉണ്ട്; ഇതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ഡി) കർമ്മ പദ്ധതിയുടെ സർവ്വേ നടപടികൾ ആരംഭിച്ചോ; വിശദാംശം നൽകുമോ ?

(ഡി) ആരംഭിച്ചു. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ കഴിച്ച് ബാക്കിയുള്ള പദ്ധതികളുടെ സർവ്വേയും വിശദമായ എൻജിനീയറിംഗ് റിപ്പോർട്ടും തയ്യാറാക്കുന്നതിലേക്കായി ടെൻണ്ടർ വിളിക്കുകയും, ടി ടെണ്ടറിന്റെ അപ്രൂവലിനു വേണ്ടി നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 258** | **14-09-2007-ൽ മറുപടിക്ക്**

### സ്പോർട്സ് വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്ട്സ് വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്; | (എ)<br>കേരളത്തിലെ സ്പോർട്സ് വികസനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>1) കേരള സ്പോർട്സ് ആക്ട് നടപ്പാക്കുന്നതു മൂലം ഉളവാകുന്ന അധിക സാമ്പത്തിക ബാധ്യതയ്ക്കുള്ള കേന്ദ്ര ധനസഹായം.<br>2) ചടയമംഗലത്ത് വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച്.<br>3) ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനുള്ള ധനസഹായം.<br>4) സംസ്ഥാന പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായത്തിൽ കായിക വികസനത്തിനായി പ്രത്യേക തുക വകയിരുത്തുന്നത് സംബന്ധിച്ച്.<br>5) കായിക താരങ്ങൾക്കുള്ള അവാർഡുകൾ, പെൻഷൻ, സ്കോളർഷിപ്പ് എന്നിവയ്ക്ക് കേരളീയ താരങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്നത്.<br>6) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും, സേനാവിഭാഗങ്ങളിലും കേരളീയരായ കായിക താരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കൽ.<br>7) എൽ.എൻ.സി.പി.ഇ. അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക പരിശീലന കേന്ദ്രം ആക്കുന്നത് സംബന്ധിച്ച്.<br>8) കേരളത്തിലേയ്ക്ക് കൂടുതൽ കോച്ചുകളെ നിയമിക്കുന്നത് സംബന്ധിച്ച്<br>9) കേരളത്തിലെ സായ് പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ<br>10) 50% കേന്ദ്രവിഹിതമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുടങ്ങിക്കിടന്ന പദ്ധതികൾക്കായി 287.45 ലക്ഷം രൂപ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>11) പണി പൂർത്തീകരിക്കുന്ന ആലപ്പുഴ സ്വിമ്മിംഗ് പൂളിന് ധനസഹായം.<br>12) പിരപ്പൻകോട് ഇന്റർനാഷണൽ സ്വിമ്മിംഗ് കോംപ്ലക്സിന് ധനസഹായം.<br>13) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന് ധനസഹായം.<br>14) കൂടുതൽ സിന്തറ്റിക് ട്രാക്കുകൾ, ഹോക്കി ഫീൽഡുകൾ എന്നിവ അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br>15) ആറ്റിങ്ങൽ ജില്ലാ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ധനസഹായം. |

16) കേരളത്തിൽ ആന്റി ഡോപ്പിംഗ് സെൽ സ്ഥാപിക്കുന്നത്
17) പരമ്പരാഗത ആയോധന കലകളുടെയും, നാടൻ കളികളുടെയും പ്രോത്സാഹനത്തിന് കേന്ദ്ര പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്.
18) കേരളത്തെ കായിക വികസനത്തിനുള്ള മാതൃകാ സംസ്ഥാനമായി പ്രഖ്യാപിക്കൽ.
19) കേരള സ്പോർട്സ് കൗൺസിൽ നിർമ്മിച്ചിട്ടുള്ള സ്പോർട്സ് പ്രോജക്ടുകളുടെ ചെലവും ഉപയോഗവും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി പങ്കുവെയ്ക്കൽ.

(ബി)

ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ബി)
അംഗീകാരം ലഭിച്ചിട്ടില്ല.

(സി)

'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിയനുസരിച്ച് ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്;

(സി)
ഓരോ പഞ്ചായത്തിൽ നിന്നും 100 കുട്ടികളെ വീതം തെരഞ്ഞെടുത്ത് അവർക്ക് വിദഗ്ദ പരിശീലനം നൽകി അന്തർദേശീയ മത്സരങ്ങൾക്ക് പ്രാപ്തരാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യ പടിയായി തിരുവനന്തപുരത്തെ കരകുളം പഞ്ചായത്തിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 150 ഓളം കായിക താരങ്ങൾക്ക് ഇവിടെ പരിശീലനം നൽകി വരുന്നു. കേന്ദ്രസർക്കാരിൽ നിന്നും ഈ പദ്ധതിക്കായി എന്തു തുക അനുവദിച്ചു നൽകുമെന്ന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി)

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും വിദഗ്ദരായ കോച്ചുമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി)
സ്വീകരിച്ചു വരുന്നു.

S. Mala Raj
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 259** — 14-09-2007-ൽ മറുപടിക്ക്

## കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.കെ എസ്.സലീഖ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനുമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി സ്വീകരിച്ചുവരുന്ന വിവിധ നടപടികൾ താഴെക്കൊടുത്തിരിക്കുന്നു<br><br>സെന്ററിന്റെ പുനരുദ്ധാരണം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച Internal Auditing and Restructuring Board (RIAB) ന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നിലവിലുള്ള 19 സെന്ററുകളെ 9 സെന്ററായി നിജപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സെന്ററുകൾ സർക്കാർ അനുവദിച്ച കെട്ടിടങ്ങളിലേക്ക് മാറ്റുന്ന പ്രക്രിയ നടന്നു വരുന്നു. അച്ചടിവിദ്യയിൽ ബിരുദ കോഴ്സുകൾ നടത്തുന്നതിന് തൃശ്ശൂർ കേന്ദ്രീകരിച്ച് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഫോർ കളർ അച്ചടി യന്ത്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിശോധിച്ചുവരുന്നു. ജീവനക്കാരുടെ മുടങ്ങിക്കിടന്ന ഇൻക്രിമെന്റ് പുനഃസ്ഥാപിക്കുന്നതിനും |

| | |
|---|---|
| | ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. റിയാബ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്നതുപ്രകാരം സബ് സെന്ററുകൾ സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കാൻ ഉതകുന്നതരത്തിൽ യന്ത്രസംവിധാനങ്ങൾ പുന:ക്രമീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാർക്കിടയിൽ റഫറണ്ടം നടത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |
| ബി) കഴിഞ്ഞ വർഷത്തെ പ്രവർത്തനത്തിൽ ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) സർക്കാർ പ്രസ്സിൽ അച്ചടിച്ചുകിട്ടാൻ കാലതാമസമുണ്ടാകുന്ന എല്ലാ ജോലികളും സെന്ററിനെ ഏൽപ്പിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി) ഇപ്പോൾതന്നെ വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം, ടൂറിസം, ധനകാര്യം, ആരോഗ്യം, പ്ലാനിംഗ്, വ്യവസായം, ഫിഷറീസ്, യുവജനക്ഷേമം, തൊഴിൽ, ജലവിഭവം, പൊതുമരാമത്ത്, ഭക്ഷ്യ സിവിൽ സപ്ലൈസ്, വൈദ്യുതി, ഐ.റ്റി., കൃഷി, പബ്ലിക് റിലേഷൻസ് മുതലായ വകുപ്പുകളിൽനിന്നും സ്ഥാപനത്തിന് അച്ചടി ജോലികൾ ധാരാളം ലഭിക്കുന്നുണ്ട്. |
| ഡി) റിപ്രോഗ്രാഫിക് സെന്ററിന് മറ്റു വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശികത്തുക എത്രയാണ്; ഇത് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) 2007 ജൂൺ വരെ രൂപ.6,64,71,352/- കുടിശ്ശികയിനത്തിൽ സെന്ററിനു ലഭിക്കുവാനുണ്ട്. ഇത് ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സെന്റർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 260 — 14.9.2007 -ന് മറുപടിക്ക്

## 2007- ജൂൺ-ജൂലായ് മാസങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭ നഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

(എ) 2007 ജൂൺ-ജൂലായ് മാസങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് നഷ്ടപരിഹാരം നല്കുന്നതിന് തീരുമാനിച്ചത് എന്തു തുക വീതമാണ്;

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഈ നഷ്ടപരിഹാര തുക തീരുമാനിച്ചത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ബി) 2/04/02 ലെ സ.ഉ.എം.എസ്. നം.65/02/ആർ.ഡി പ്രകാരമാണ് സർക്കാർ ധനസഹായ തുക വിതരണം ചെയ്തിരുന്നത്. കാലവർഷക്കെടുതിമൂലം നാശനഷ്ടമുണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് അടിയന്തിര ദുരിതാശ്വാസ സഹായം നല്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ 27/06/07- ലെ 32-34/2005- NDM ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2/8/07 ലെ സ.ഉ. എം.എസ്.നമ്പർ 284/2007/ഡി.എം.ഡി പ്രകാരം സംസ്ഥാന സർക്കാർ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ മേഖലകൾ ഒഴിവാക്കിക്കൊണ്ട് പരിഷ്കരിച്ച പുതിയ ഉത്തരവ് 27/06/07 മുതൽ പ്രാബല്യം നല്കി പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | പുതുക്കിയ മാനദണ്ഡമനുസരിച്ചുള്ള ദുരിതാശ്വാസ സഹായം നല്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ മേഖലകളിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദുരിതാശ്വാസ സഹായം വർദ്ധിപ്പിച്ച് നൽകുന്നതിന് പുതിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 9/8/2007 - ലെ സ.ഉ.(എം.എസ്.) 290/2007/ഡി.എം.ഡി പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സബ്കമ്മിറ്റിയിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, സെക്രട്ടറി (മൃഗസംരക്ഷണം), സെക്രട്ടറി (മത്സ്യബന്ധനം), അഗ്രികൾച്ചർ ഡയറക്ടർ തുടങ്ങി 7 അംഗങ്ങൾ ഉണ്ട്. പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് അടിയന്തിരമായി കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മേൽ ബന്ധപ്പെട്ട മേഖലകളിലെ അടിയന്തിര ദുരിതാശ്വാസം നിലവിലുള്ളതിൽ നിന്നു വർദ്ധിപ്പിച്ച് നല്കുന്നതിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ച ശേഷം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നഷ്ടപരിഹാരം നല്കുന്നത് ദേശസാൽകൃത ബാങ്കുകളിൽ കർഷകർക്കുള്ള അക്കൗണ്ടു വഴി മാത്രമേ പാടുള്ളുവെന്ന് ഗവൺമെന്റ് തീരുമാനിച്ചിരു | (സി) യും (ഡി) യും | 1000/- രൂപയിൽ താഴെയാണ് നഷ്ടപരിഹാര തുക എങ്കിൽ ടി തുക പണമായി തന്നെയാണ് നല്കുന്നത്. എന്നാൽ 1000/- രൂപയിൽ കൂടിയ നഷ്ടപരിഹാരതുക 10/07/07 ലെ സർക്കാർ |

ന്നോ; നാശനഷ്ടം വന്ന എല്ലാ കർഷകർക്കും നഷ്ടപരിഹാരം വാങ്ങുവാൻ പറ്റുന്ന വിധത്തിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരുന്നോ;

(ഡി) ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഇല്ലാത്തതിന്റെ പേരിൽ എത്ര കർഷകർക്ക് നഷ്ടപരിഹാരം വാങ്ങാൻ കഴിയാതെ വന്നിട്ടുണ്ട് ?

ഉത്തരവ് 2887/07/ഡി.എം.ഡി പ്രകാരം ബാങ്കുകൾ വഴി കർഷകർക്കുള്ള അക്കൗണ്ടിൽ കൂടി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് ഇല്ലാത്തതിന്റെ പേരിൽ കർഷകർക്ക് നഷ്ടപരിഹാരതുക കൈപ്പറ്റാൻ കഴിയാതെ വന്നിട്ടുള്ള ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാര തുക ശരിയായ വിധത്തിൽ കൃഷിക്കാരുടെ കൈകളിൽ എത്തിച്ചേരുന്നില്ല എന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് തുക വിതരണം ചെയ്യുന്നതിൽ ചില നടപടി ക്രമങ്ങൾ ഏർപ്പെടുത്തിയത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | | 26/06/07 വരെ 2/04/02ലെസ.ഉ.എം.എസ്. നം.55/02/ആർ.ഡി പ്രകാരം | 27/06/07 മുതൽ പുതുക്കിയ സർക്കാർ ഉത്തരവ് 284/07/ഡി.എം.ഡി പ്രകാരം |
|---|---|---|---|
| 1. | മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം | 50,000/ - രൂപ (പ്രായപൂർത്തിയായവർക്ക്)<br>15,000/- രൂപ കുട്ടികൾക്ക് | 1,00,000/ - പ്രായഭേദമന്യേ |
| 2. | കൈകാലുകൾ നഷ്ടപ്പെട്ട വ്യക്തികൾക്ക് (40% മുതൽ 75% ന് ഇടയ്ക്ക്) സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റിൻമേൽ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന ഡോക്ടർമാരുടെ പാനലിൽ നിന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റിൻ പ്രകാരം<br>അംഗവൈകല്യം 75% ൽ കൂടുതലുള്ള കേസുകൾക്ക് സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റിൻമേൽ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന ഡോക്ടർമാരുടെ പാനലിൽ നിന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റിൻ പ്രകാരം | 25,000/-<br>– | 35,000/-<br>75,000/- |
| 3. | സാരമായ പരിക്ക് പറ്റിയവർക്കുള്ള ധനസഹായം<br>ബി) പരിക്ക്<br>(സർക്കാർ ഇതര ആശുപത്രികളിൽ ചികിത്സയിലാണെങ്കിൽ) | 5,000/ -<br>1,500/- | 7,500/ -( ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടക്കേണ്ടി വരുന്ന കേസുകൾക്ക്)<br>2500/- രൂപ( ഒരാഴ്ചയിൽ താഴെ ആശുപത്രിയിൽ കിടക്കേണ്ടി വരുന്ന കേസുകൾക്ക്) |

| | | | |
|---|---|---|---|
| 4. | വീടു പൂർണ്ണമായും നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം | | |
| | 1. പക്കാ വീട് | 10,000/- | 25,000/- |
| | 2. കച്ചാ വീട് | 6,000/- | 10,000/- |
| | 3.സാരമായ നാശനഷ്ടം സംഭവിച്ചതിന് | | |
| | 1. പക്കാ വീട് | 2,000/- | 5,000/- |
| | 2. കച്ചാ വീട് | 1,200/- | 2,500/- |
| | 4. ഭാഗികമായി നാശനഷ്ടം സംഭവിച്ച പക്കാ, കച്ചാ വീടുകൾക്ക് | 800/- | 1,500/- |
| | 5. പൂർണ്ണമായി / ഭാഗികമായി നശിച്ച കുടിലുകൾക്ക് | - | 2,000/- |

2006,07 ജൂൺ, ജൂലൈ മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങളുണ്ടായ കർഷകർക്ക് നഷ്ട പരിഹാരം നല്കുന്നത് 19/07/94 ലെ സ.ഉ.എം.എസ്.നം.203/94/കൃഷി . 4/05/99 ലെ സ.ഉ.എം.എസ്.നം.129/99/കൃഷി എന്നീ ഉത്തരവുകൾ പ്രകാരമാണ്.

| വിള | നിലവിലുള്ള എണ്ണം (രൂപയിൽ) |
|---|---|
| നെല്ല് (ഹെക്ടറിന്) | 1500/- |
| തെങ്ങ് (കുലച്ചത്) | 300/- |
| തെങ്ങ് (കുലക്കാത്തത്) | 100/- |
| തെങ്ങ് (ഒരു വർഷം വരെ പ്രായം) | 25/- |
| വാഴ (കുലച്ചത് ) | 25/- |
| വാഴ (കുലക്കാത്തത്) | 12/- |
| റബ്ബർ (ടാപ്പ് ചെയ്യുന്നത്) | 60/- |
| റബ്ബർ (ടാപ്പ് ചെയ്യാത്തത്) മൂന്ന് വർഷത്തിൽ കുറയാത്ത പ്രായമുള്ള | 25/- |
| കശുമാവ് (കായ്ക്കുന്നത് ) | 60/- |
| കശുമാവ് (കായ്ക്കാത്തത്) മൂന്ന് വർഷത്തിൽ കുറയാതെ പ്രായമുള്ളത് | 20/- |
| കമുക് (കായ്ക്കാത്തത്) മൂന്ന് വർഷത്തിൽ കുറയാതെ പ്രായമുള്ളത് | 30/- |
| കൊക്കോ (കായ്ക്കുന്നത്) | 30/- |
| ഇഞ്ചി (പത്ത് സെന്റിന്) | 10/- |
| മഞ്ഞൾ (പത്ത് സെന്റ്) | 50/- |

| | |
|---|---|
| മരിച്ചീനി (25 സെന്റ്) | 50/- |
| നിലക്കടല (ഹെക്ടറിന്) | 750/- |
| എള്ള് (ഹെക്ടറിന്) | 750/- |
| പച്ചക്കറി (10 സെന്റിന്) | 50/- |
| ജാതിമരം (ഒന്നിന്) | 100/- |
| ജാതി (കായ്ക്കാത്തത് , മൂന്ന് വർഷത്തിൽ കുറയാതെ പ്രായമുള്ളത്) | 50/- |
| ഗ്രാമ്പൂ (കായ്ക്കുന്നത്) | 75/- |
| ഗ്രാമ്പൂ (കായ്ക്കാത്തത്, മൂന്ന് വർഷത്തിൽ കുറയാതെ പ്രായമുള്ളത്) | 25/- |
| കുരുമുളക് (കായ്ക്കുന്നത്) | 20/- |
| ഏലം (ഹെക്ടറിന്) | 1500/- |
| വെറ്റില (സെന്റിന്) | 150/- |
| പയർ തുടങ്ങിയ മറ്റു കാർഷിക വിളകൾ(ഹെക്ടറിന്) | 350/- |
| ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ (10 സെന്റിന്) | 50/- |
| കരിമ്പ് (ഹെക്ടറിന്) | 1250/- |
| പൈനാപ്പിൾ (10 സെന്റ്) | 125/- |
| പുൽകൃഷി (ഗിനി പുല്ല്, കോംഗോ സിഗ്നൽ, നേപ്പിയർ പുല്ല്, മേസ്സ് തുടങ്ങിയവ ,10 സെന്റ്) | 30/- |
| മൾബറി (60 സെന്റ്) | 125/- |
| പുകയില കൃഷി (10 സെന്റ്) | 300/- |
| പരുത്തി (10 സെന്റ്) | 100/- |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 261 14.09.07ൽ മറുപടിക്ക്

തുറമുഖങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു.<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും<br>സ്പോർട്ട്സും<br>യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | തുറമുഖങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളിൽ വികസന സാദ്ധ്യതയുള്ള 6 തുറമുഖങ്ങളെ ആദ്യഘട്ടത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. വിഴിഞ്ഞം, കൊല്ലം (തങ്കശ്ശേരി), ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നിവയാണ് ഈ തുറമുഖങ്ങൾ.<br>**വിഴിഞ്ഞം തുറമുഖം:** -<br>സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ് മെൻറ് ടെർമിനലിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 08.08.3007ൽ ക്ഷണിച്ചു. നാളിതുവരെ 6 വിദേശ കമ്പനികൾ ഉൾപ്പെടെ 25 കമ്പനികൾ ടെണ്ടർ രേഖകൾ വാങ്ങിക്കഴിഞ്ഞു. 2007 ഒക്ടോബർ 31 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. തുറമുഖ പദ്ധതിയുടെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ കണക്റ്റിവിറ്റി, ജലവിതരണം, വൈദ്യുതി വിതരണം എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| | | കൂടാതെ നിലവിലെ വിഴിഞ്ഞം തുറമുഖത്ത് 104 മീറ്റർ x 12 മീറ്റർ അളവിൽ ഒരു പുതിയ കാർഗോ വാർഫിന്റെ നിർമ്മാണം, സുനാമി അടിയന്തിര സഹായ പദ്ധതി (TEAP) യിൽ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ വർഷം ഡ്രഡ്ജിംഗ് നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br><u>കൊല്ലം (തങ്കശ്ശേരി) തുറമുഖം</u>:-<br>കൊല്ലം (തങ്കശ്ശേരി) തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി 116 മീറ്റർ നീളമുള്ള വാർഫും, കാർഗോ വാർഫിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച മേൽ വാർഫ് വഴി കയറ്റിറക്കുമതി പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട പ്രാരംഭനടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാർ തുറമുഖത്തെ കസ്റ്റംസ് ഏരിയ ആയി പ്രഖ്യാപിച്ച് പുനർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഒപ്പം തന്നെ പ്ളാൻറ് പ്രൊട്ടക്ഷൻ ക്വാറൻറയിൻ പരിശോധന (Plant Protection and Quarantine Inspection) യ്ക്കുള്ള സജ്ജീകരണങ്ങളും പൂർത്തിയായി വരുന്നു. കേന്ദ്ര സഹായ-ത്തോടെയുള്ള സുനാമി പുനരധിവാസ പദ്ധതി (TRP) യിൽ ഉൾപ്പെടുത്തി തുറമുഖത്തിലെ ട്രാൻസീറ്റ് ഷെഡ് നിർമ്മാണം, ക്രെയിൻ വാങ്ങൽ, തങ്കശ്ശേരി മുതൽ കൊല്ലം വരെയുള്ള പോർട്ട് റോഡിന്റെ നിർമ്മാണം എന്നിവയ്ക്കായി 410 ലക്ഷം രൂപയുടെ പദ്ധതിക്ക് SLEC യുടെ (State Level Empowered Committee) അംഗീകാരം ലഭ്യമായിട്ടുണ്ട്. അതിൽ അനന്തര-നടപടികൾ സ്വീകരിച്ചു വരുന്നു. തങ്കശ്ശേരി തുറമുഖ വാർഫിന്റെ നീളം 200 മീറ്ററായി വർദ്ധിപ്പിക്കുന്നതിനും, റോഡ്, റീട്ടൈനിംഗ് |

| | | |
|---|---|---|
| | | വാൾ, യാർഡ് വികസനം എന്നിവയ്ക്കായി കേന്ദ്ര സർക്കാരിൻെറ ASIDE - സ്കീമിൽ നിന്നും 1280 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. തങ്കശ്ശേരി തുറമുഖത്തിനായി 600 HP ശേഷിയുള്ള മോട്ടോർ ടഗ് നിർമ്മിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചു വരുന്നു. തങ്കശ്ശേരി തുറമുഖത്തിൻെറ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വ്യാവസായിക സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുന്നതിനുമായി ഒരു ഉപദേശകനെ നിയമിക്കുന്ന വിഷയവും സർക്കാരിൻെറ പരിഗണനയിലാണ്.<br><br>**ആലപ്പുഴ തുറമുഖം:-**<br>ആലപ്പുഴ തുറമുഖം സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു മറീനയും കാർഗോ തുറമുഖവുമായി വികസിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി L&T Ramboll നെ ഉൾപ്പെടുത്തി തയ്യാറാക്കിയിരുന്ന Project Report ൽ ആവശ്യമായ വ്യത്യാസങ്ങൾ വരുത്തി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിൽ സർക്കാരിനെ സഹായിക്കുന്നതിനും, തുറമുഖ വികസനത്തിനു വേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുമായി ഒരു ഉപദേശകനെ നിയമിക്കുവാൻ അന്താരാഷ്ട്ര തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>**പൊന്നാനി തുറമുഖം:-**<br>പൊന്നാനി തുറമുഖം വികസിപ്പിക്കുവാൻ സന്നദ്ധമായി ചെന്നൈ ആസ്ഥാനമായുള്ള ക്രിയേറ്റീവ് പോർട്ട് ഡവലപ് മെൻറ് എന്ന സ്ഥാപനം മുന്നോട്ടു വന്നിട്ടുണ്ട്. സ്വിസ്സ് ചലഞ്ച് മോഡലിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചു വരുന്നു. |

| | | |
|---|---|---|
| | | **ബേപ്പൂർ തുറമുഖം:-** ബേപ്പൂർ തുറമുഖ വികസനത്തിൻെറ ഭാഗമായ 100 മീറ്റർ വാർഫ്, 60 മീറ്റർ വാർഫ്, ജലവിതരണ പദ്ധതി, ട്രാൻസിറ്റ് ഷെഡ് നിർമ്മാണം, പാർക്കിങ്ങ് ഏരിയ നിർമ്മാണം, പാസഞ്ചർ ടെർമിനലിൻെറ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. തുറമുഖത്തിൻെറ നവീകരണത്തിനായി 855 ലക്ഷം രൂപയുടെ പദ്ധതികൾക്ക് സുനാമി പുനരധിവാസ പദ്ധതി (TRP) യിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് ബ്രേക്ക് വാട്ടറുകളുടെ നീളം കൂട്ടൽ, ഡ്രഡ്ജിംഗ് എന്നീ പ്രവർത്തികൾ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തുറമുഖം അന്താരാഷ്ട്ര തലത്തിൽ സർക്കാർ - സ്വാകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിൽ സർക്കാരിനെ സഹായിക്കുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമായി ഒരു ഉപദേശകനെ കണ്ടെത്തുന്നതിനുമായി അന്താരാഷ്ട്ര തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>**<u>അഴീക്കൽ തുറമുഖം</u>:-**<br><br>അഴീക്കൽ തുറമുഖ വികസനത്തിൻെറ ഭാഗമായി പുലിമുട്ടു നിർമ്മാണം, വാർഫിൻെറ നിർമ്മാണം, തുറമുഖ റോഡിൻെറ വീതി കൂട്ടൽ എന്നീ പ്രവർത്തികൾ നടന്നു വരുന്നു. തുറമുഖ വികസനത്തിനായി 1.80 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്ന നടപടിയും അഴീക്കൽ തുറമുഖറോഡിനെ NH 17 മായി ബന്ധിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. തുറമുഖ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ഹാർബർ എഞ്ചിനീയറിംഗ് |

| | | |
|---|---|---|
| | | വകുപ്പ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.സി.ജി.തോമസ്സിനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചു. തുറമുഖ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തുറമുഖത്തിലെ ബ്രേക്ക് വാട്ടറുകളുടെ നീളം കൂട്ടൽ, ഡ്രഡ്ജിംഗ്, പുതിയ ക്രയിൻ വാങ്ങൽ എന്നിവയ്ക്കായി കേന്ദ്ര സഹായ ത്തോടെയുള്ള സുനാമി പുനരധിവാസ പദ്ധതി (TRP) യിൽ ഉൾപ്പെടുത്തി 1100 ലക്ഷം രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. തുറമുഖം സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടു കൂടി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനായി ICICI - KINFRA തയ്യാറാക്കിയ പദ്ധതി രേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും, സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിൽ സർക്കാരിനെ സഹായി-ക്കുന്നതിനുമായി ഒരു ഉപദേശകനെ കണ്ടെത്തുന്നതിനായി അന്താരാഷ്ട്ര തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ അന്ത്യഘട്ടത്തിലാണ്. |
| (ബി) | ഏതെല്ലാം തുറമുഖങ്ങളുടെ നവീകരണമാണ് ഇപ്പോൾ നടന്നു വരുന്നത്; | (ബി) വിഴിഞ്ഞം, കൊല്ലം (തങ്കശ്ശേരി), ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ നവീകരണ പ്രവർത്തികളാണ് ഇപ്പോൾ നടന്നു വരുന്നത്. |
| (സി) | ആലപ്പുഴയിൽ സർക്കാർ -സ്വകാര്യ പങ്കാളിത്തത്തോടെ വിപുലമായ സൗകര്യങ്ങളുള്ള ഒരു മരീന - കം -കാർഗോ പോർട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) ആലപ്പുഴ തുറമുഖത്ത് സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടെ ഒരു മരീനയും ഒപ്പം തന്നെ കാർഗോ തുറമുഖവും സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനായി L&T Ramboll തയ്യാറാക്കിയ പദ്ധതിരേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിൽ സർക്കാരിനെ |

| | | |
|---|---|---|
| | | സഹായിക്കുന്നതിനുമായി ഒരു ഉപദേശകനെ കണ്ടെത്തുന്നതിനായി അന്താരാഷ്ട്ര തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ അന്ത്യഘട്ടത്തിലാണ്. |

Manjunju

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:262 — 14.09.2007-ൽ മറുപടിയ്ക്ക്.

**പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു.<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.എ.കെ.ചന്ദ്രൻ. | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |

---

| | |
|---|---|
| (എ) പ്രീപ്രൈമറി വിദ്യാഭ്യാസ രംഗം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ രംഗത്തെക്കുറിച്ച് പ്രീപ്രൈമറി നിലപാട് രേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ രേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) പ്രീപ്രൈമറി ബിൽ ഓർഡിനൻസായി പുറപ്പെടുവിച്ചിരുന്നുവെങ്കിലും നിയമസഭയിൽ അവതരിപ്പിച്ചു നിയമമാക്കിയിട്ടില്ല. ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞതിനാൽ ഈ നിയമം ഇപ്പോൾ നിലവിലില്ല. |
| (സി) പ്രീപ്രൈമറി വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) ശിശുക്കളുടെ മാനസികവും, ആരോഗ്യകരവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഉടനീളം പ്രീപ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടങ്ങൾ, കളിസ്ഥലം, കളിക്കോപ്പുകൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ, പുസ്തകങ്ങൾ, പാത്രങ്ങൾ, കുടിവെള്ളം എന്നിവ ആവശ്യമാണ്. ഇവ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ/പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരെയാണ് നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

6ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 263</u>

<u>14.9.2007 - ൽ മറുപടിക്ക്</u>

<u>നെൽകൃഷിക്കായുള്ള ബാങ്ക് വായ്പ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ.സി. കെ. പി. പത്മനാഭൻ :<br>ശ്രീ.പി. കൃഷ്ണപ്രസാദ് :<br>ശ്രീ.സി. കെ. സദാശിവൻ :<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) നെൽകൃഷിക്ക് നാലു ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം എത്ര രൂപ വായ്പ നൽകിയിട്ടുണ്ട് ; | (എ) ഉണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 3-6-07-ലെ 35/2007 സർക്കുലർ പ്രകാരം 17-7-07-ലെ 43/2007 നം. സർക്കുലർ പ്രകാരവും 4% പലിശ നിരക്കിൽ നെൽകൃഷിക്കു വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരു മാസം 6,34,750 രൂപ വായ്പ നൽകിയിട്ടുണ്ട്. നെൽകൃഷി വായ്പയ്ക്ക് വേണ്ടത്ര ആവേശം കൃഷിക്കാർ കാണിക്കുന്നില്ല. |
| (ബി) ഏതെല്ലാം ബാങ്കുകൾ മുഖേനയാണ് നെൽകൃഷിക്കുള്ള പ്രത്യേക വായ്പ അനുവദിക്കുന്നത് ; | (ബി) പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകൾ എന്നിവ വഴിയാണ് നെൽകൃഷിക്കുള്ള വായ്പകൾ അനുവദിക്കുന്നത്. |
| (സി) നെൽകൃഷിക്കായി എടുക്കുന്ന വായ്പ മറ്റു ആവശ്യങ്ങൾക്കായി വിനിയോഗിക്കാതിരിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്നറിയിക്കുമോ ? | (സി) വായ്പകൾ നെൽകൃഷിക്കായി തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട സംഘം/ ബാങ്ക് സെക്രട്ടറി, സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർ അല്ലെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഇൻസ്പെക്ടർ ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടർ എന്നിവർ വിനിയോഗം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ |


GOVERNMENT OF KERALA

സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ദുരുപയോഗം ചെയ്യുന്ന വായ്പകൾ കാലാവധി നോക്കാതെ തന്നെ കാർഷികേതര വായ്പ പലിശ നിരക്കിൽ തിരിച്ചുപിടിക്കുന്നതിന് ബാങ്കുകൾ സംഘങ്ങൾ നടപടി സ്വീകരിക്കുന്നതാണ്. വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്നു ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും സഹകരണ ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി അംഗം, കൃഷി ഓഫീസർ, പാടശേഖര സമിതി കൺവീനർ യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
6ാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 264
14.9.2007 - ൽ മറുപടിക്ക്
സഹകരണ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീമതി. ഇ. എസ്. ബിജി മോൾ:<br>ശ്രീ. കെ. അജിത് : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | സഹകരണ നിയമം ഭേദഗതി ചെയ്യുന്നതിന് നിയോഗിച്ച കമ്മറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശ കൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സഹകരണ വകുപ്പ് മന്ത്രിയ്ക്കു ലഭിച്ചിട്ടുണ്ട്. വിശദമായി പരിശോധനയിലാണ്. |
| (ബി) | സഹകരണ രംഗത്തെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ഇതിൽ വ്യവസ്ഥയുണ്ടോ ? | (ബി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.265 | 14.09.2007-ൽ മറുപടിക്ക്

## മണൽ വാരൽ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ മുഹമ്മദുണ്ണി ഹാജി എം എൽ എ | | ശ്രീ.കെ.പി.രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) |
| എ) | ഇപ്പോഴുള്ള മണൽവാരൽ നിയന്ത്രണം കൊണ്ട് മണൽ മാഫിയകളുടെ വളർച്ചക്കും മണലിന് അനിയന്ത്രിതമായ വിലവർദ്ധനവിനും മാത്രമാണ് ഉപകാരപ്പെട്ടിട്ടുള്ളതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നതിൽ നിന്നും നദീതീരങ്ങളെയും നദിയുടെ അടിത്തട്ടിനെയും സംരക്ഷിക്കുന്നതിനും അവയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും ആറ്റുമണൽ നീക്കം ചെയ്യുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി സമഗ്രമായ ഒരു നിയമം അതായത് 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് നിലവിൽ വന്നു. ഈ ആക്റ്റിന് കീഴിൽ 2002 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളും നിലവിൽ വന്നു. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം മണൽ മാഫിയകളുടെ വളർച്ചയ്ക്ക് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു പ്രദേശത്തെ മണലിന്റെ ലഭ്യതയും, ആവശ്യകതയും കണക്കിലെടുത്തു വേണം മണൽ ലേലം ചെയ്യേണ്ടതെന്നും, മണലിന്റെ വില ക്രമാതീതമായി കൂടുന്ന രീതിയിൽ ലേലം ചെയ്യരുതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | സമഗ്രവും സുതാര്യവുമായ ഒരു മണൽ വാരൽ നിയമം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) | നിലവിലുള്ള ആക്റ്റിന്റെയും ചട്ടങ്ങളുടെയും സാധുത വിശദമായി പരിശോധിച്ചതിന് ശേഷം ആവശ്യമാണെങ്കിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.266 — 14.9.2007ൽ മറുപടിയ്ക്ക്

**ഭൂവിനിയോഗ നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി**

ചോദ്യം

ശ്രീ.എ.കെ.ചന്ദ്രൻ

ശ്രീ.കെ.അജിത്,

ശ്രീ.പി.തിലോത്തമൻ

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ

(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ ഭൂവിനിയോഗ നിയമം ഭേദഗതി ചെയ്യുന്നതിന് തയ്യാറാകുമോ; | എ) | ഭൂവിനിയോഗനിയമം (Kerala Land Utilisation Order 1967) ഭേദഗതി ചെയ്യുവാൻ തത്ക്കാലം ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ അവശ്യ സാധന നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവുകൾ ഭേദഗതിചെയ്യണമെങ്കിൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് യുക്തമായ ശുപാർശകൾ സമർപ്പിക്കേണ്ടതുണ്ട്. |
| ബി) | അപ്രകാരം നിയമം ഭേദഗതി ചെയ്യുമ്പോൾ കൃഷി സ്ഥലങ്ങളുടെ പ്രത്യേകതകൾ കണക്കാക്കി അവയുടെ ഉപയോഗത്തെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കുവാൻ ഗവൺമെന്റ് ശ്രമിക്കുമോ ; | ബി) | പ്രസക്തമല്ല. |
| സി) | പുതിയ നിയമ നിർമ്മാണമോ നിയമ ഭേദഗതിയോ നടത്തുമ്പോൾ ആയതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതിന് ശ്രമിക്കുമോ ? | സി) | ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 267     14-09-2007-ൽ മറുപടിയ്ക്ക്

## സിന്തറ്റിക് ട്രാക്കുള്ള സ്റ്റേഡിയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ് | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സിന്തറ്റിക് ട്രാക്കുള്ള എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ)<br>ഒരെണ്ണം.<br>എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ 30-08-2007 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (ബി)<br>സ്പോർട്സിന്റെ ഉന്നമനത്തിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക പരിശീലനം നൽകുന്നതിനും കൂടുതൽ സിന്തറ്റിക് ട്രാക്കുകൾ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി)<br>നടപടി സ്വീകരിച്ചു വരുന്നു. |
| (സി)<br>എങ്കിൽ പുതിയതായി എവിടെയൊക്കെ സിന്തറ്റിക് ട്രാക്കുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി)<br>തിരുവനന്തപുരം കേരളാ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള തിരുവനന്തപുരത്തെ എൽ.എൻ.സി.പി.ഇ-യിലും പുതിയതായി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സായിയുടെ ചെലവിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് സായിയുമായി ചർച്ചകൾ നടന്നു വരുന്നു. |

S. Malathy

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 268** **14-09-2007-ൽ മറുപടിക്ക്**

**കായിക താരങ്ങളുടെ പരിശീലന സൗകര്യങ്ങൾക്കായി സ്റ്റേഡിയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ:<br>ശ്രീ.യു.സി.രാമൻ:<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| കായികതാരങ്ങളെ കണ്ടെത്തുന്നതിനും അവർക്കു വേണ്ട പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി എല്ലാ താലൂക്കുകളിലും സ്റ്റേഡിയം നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര സ്റ്റേഡിയങ്ങൾ പണിയേണ്ടതുണ്ട് ; | താലൂക്ക് അടിസ്ഥാനത്തിൽ സ്റ്റേഡിയം നിർമ്മിക്കാൻ പ്രത്യേക നിർദ്ദേശമില്ല. എന്നാൽ "ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ഒരു വാർഡിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്പോർട്സ് വകുപ്പും ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | (ബി) |
| ഇതിനായി വകയിരുത്തേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | ഇല്ല. |
| (സി) | (സി) |
| ഇതിനു വേണ്ട ഫണ്ട് സ്വരൂപിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | സ്പോർട്സ് വകുപ്പിന്റെ ബഡ്ജറ്റ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വഴിയും സ്പോർട്സ് ലോട്ടറി പോലെയുള്ള മറ്റു സംരംഭങ്ങൾ വഴിയും എം.എൽ.എ/എം.പി ഫണ്ടുകൾ സ്വരൂപിച്ചു കൊണ്ടുമാണ് ഇതിനാവശ്യമായ ധനം കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. |

S. Malathy

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.269 — 14.09.2007-ൽ മറുപടിക്ക്

# മൂന്നാർ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ്.എം.പുതുശ്ശേരി എം.എൽ.എ<br>ശ്രീ.റോഷി അഗസ്റ്റിൻ എം.എൽ.എ<br>ശ്രീ.തോമസ് ചാഴിക്കാടൻ എം.എൽ.എ | | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
| എ) | മൂന്നാർ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ബി) സി) & ഡി) | മൂന്നാർ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ മൂന്നാർ ഉൾപ്പെടെ കേരളത്തിലെ പാരിസ്ഥിതികമായും, ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും, പൗരാണികമായും സംരക്ഷിക്കപ്പെടേണ്ട മേഖലകൾ സംരക്ഷിക്കുന്നതിനും, സുസ്ഥിര വികസനം ഏറ്റെടുക്കുന്നതിനും, ശാസ്ത്രീയ ഭൂവിനിയോഗം ഉറപ്പു വരുത്തുന്നതിനും ഈ മേഖലകളിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) | ഇതിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഘടന; പ്രവർത്തന ലക്ഷ്യങ്ങൾ, മേഖലകൾ എന്നിവ വിശദമാക്കുമോ; | | |
| സി) | പ്രസ്തുത പദ്ധതി പ്രകാരം മൂന്നാറിന്റെ സമഗ്ര വികസനം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | | |
| ഡി) | എന്തു തുക ഇക്കാര്യത്തിനായി ചെലവു വരുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 270 14.9.2007-ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ വികസനം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. എം. കെ. പ്രേമനാഥ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. എം. എ. ബേബി,
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | എ | സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വികസനത്തിന് ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ, സർക്കാർ നിയന്ത്രിത, സ്വകാര്യ മേഖലകളിലായി 84 എഞ്ചിനീയറിംഗ് കോളേജുകളും 56 പോളിടെക്നിക് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ മേഖലയിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 17 കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ , 42 ടെയിലറിംഗ് സ്ഥാപനങ്ങൾ, 4 വൊക്കേഷണൽ ട്രെയിനിംഗ് സെൻററുകൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.<br>ഇതിനുപുറമേ ഐ. എച്ച്. ആർ. ഡിയുടെ കീഴിലായി 26 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളും 2 റീജിയണൽ സെൻററുകളും , 3 എക്സ്റ്റൻഷൻ സെൻററുകളും 18 അപ്ലൈയ്ഡ് സയൻസ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി. | പുതിയ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയും വിധം സാങ്കേതിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | ബി | പുതിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്തുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജുകളിൽ അതാത് സർവകലാശാലകൾ അഞ്ചു വർഷത്തിലൊരിക്കൽ സിലബസ് പരിഷ്കരിക്കുന്നുണ്ട്. പോളിടെക്നിക്കുകളിൽ 2006-2007 ൽ പുതിയ സിലബസ് ഏർപ്പെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളിൽ 2008 -ൽ പുതിയ സിലബസ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി | സാങ്കേതിക വിദ്യാഭ്യാസ വികസനത്തിനായി കേന്ദ്ര സഹായം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി | സംസ്ഥാനത്ത് 3 സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും ഒരു പ്രൈവറ്റ് (എയിഡഡ്) എഞ്ചിനീയറിംഗ് കോളേജിലും കേന്ദ്ര സഹായത്തോടെ എഞ്ചിനീയറിംഗ് ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ദേശീയ പ്രാധാന്യമുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആൻറ് ടെക്നോളജി ആയി ഉയർത്തുന്നതിന് 2006-07 സാമ്പത്തിക വർഷം 10 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചിരുന്നു. 2007-08 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ലഭ്യമാക്കാനും കേന്ദ്രമന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്.<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് ഐ. എസ്. ആർ. ഒ യുടെ കീഴിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻറ് ടെക്നോളജി (IIST) എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ